**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2396 — 14.06.2019-ലെ മറുപടിയ്ക്ക്

**പത്തനംതിട്ടയിൽ ബ്ലസൻ ജോർജ് ഇൻഡോർ സ്റ്റേഡിയം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | പത്തനംതിട്ട ജില്ലയ്ക്ക് അനുവദിച്ച ബ്ലസൻ ജോർജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ: | (എ) | പത്തനംതിട്ട ജില്ലയ്ക്ക് അനുവദിച്ച ബ്ലസ്സൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പദ്ധതിയുടെ എസ്.പി.വി യായ കിറ്റ്കോ ലിമിറ്റഡ് 45.48 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം പത്തനംതിട്ട നഗരസഭയുടെ നിയന്ത്രണത്തിലുള്ള പത്തനംതിട്ട മുനിസിപ്പൽ ഗ്രൗണ്ടിലാണ് നടത്താൻ ഉദ്ദേശിച്ചിട്ടുള്ളത്. കിഫ്ബി മാനദണ്ഡം പ്രകാരം നഗരസഭയും കായികയുവജനകാര്യാലയ ഡയറക്ടറുമായി ധാരണാപത്രത്തിൽ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഇതുവരെ ധാരണാ പത്രം ഒപ്പിടാൻ നഗരസഭ സന്നദ്ധമല്ലാത്ത സാഹചര്യത്തിലാണ് പദ്ധതി ആരംഭിക്കാൻ സാധിക്കാതിരിക്കുന്നത്. |
| (ബി) | ജില്ലാ ആസ്ഥാനത്ത് സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ ഇൻഡോർ സ്റ്റേഡിയം മറ്റെവിടേയ്ക്കെങ്കിലും മാറ്റി നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**